(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷനൻ ക്രിസ്തുമസ് പ്രമാണിച്ച് 15.12.99 മുതൽ 24.12.1999 വരേയും റംസാൻ പ്രമാണിച്ച് 29.12.1999 മുതൽ 7.1.2000 വരേയും ഫെയറുകൾ നടത്താൻ ഉദ്ദേശിക്കുന്നു.

ഫാർമസി വിഭാഗവും ആശുപത്രി വികസന സൊസൈറ്റിയും സംയുക്തമായി നടത്തിവരുന്ന ന്യായവില മെഡിക്കൽ സ്റ്റോറുകൾ

7 (*153) ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. ദാസൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ മെഡിക്കൽ കോളേജുകളിൽ ഫാർമസി വിഭാഗവും ആശുപത്രി വികസന സൊസൈറ്റി/കമ്മിറ്റിയും സംയുക്തമായി പേയിംഗ് കൗണ്ടറുകൾ (ന്യായവില മെഡിക്കൽ സ്റ്റോറുകൾ) നടത്തിവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പേയിംഗ് കൗണ്ടറുകളുടെ നടത്തിപ്പിനും പ്രവർത്തനത്തിനും വേണ്ടി എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പേയിംഗ് കൗണ്ടറുകൾക്ക് ഏകീകൃതമായ രീതിയിലുള്ള പ്രവർത്തന രൂപരേഖ ഉണ്ടാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഡി) കേരളത്തിലെ മുഴുവൻ പേയിംഗ് കൗണ്ടറുകളുടേയും പ്രവർത്തനം കാര്യക്ഷമവും ഏകീകൃതവുമാക്കുന്നതിന് തമിഴ്നാട് മെഡിക്കൽ സപ്ലൈസ് കോർപ്പറേഷൻ മാതൃകയിൽ ഒരു ഏജൻസിയെ സംസ്ഥാനത്ത് നിയമിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

(ഇ) സംസ്ഥാനത്തെ പേയിംഗ് കൗണ്ടറുകളിൽ ശരാശരി എത്ര രൂപയുടെ വിൽപ്പന ദിനംപ്രതി നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ആശുപത്രി വികസന സമിതിയും ഫാർമസി വിഭാഗവും സംയുക്തമായി നടത്തുന്ന പേയിംഗ് കൗണ്ടർ (ന്യായവില മെഡിക്കൽ സ്റ്റോർ) നിലവിലുണ്ട്.

(ബി) സർക്കാർ ആശുപത്രികളിലെ ആശുപത്രി വികസന സൊസൈറ്റികൾ/കമ്മിറ്റികൾ നടത്തുന്ന പേയിംഗ് കൗണ്ടറുകൾ ആശുപത്രികളിലെ ഫാർമസി വിഭാഗത്തിന്റെ സഹകരണത്തോടുകൂടി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നവയായിരിക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ജീവൻ രക്ഷാ ഔഷധങ്ങൾ രോഗികൾക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക എന്നത് മുൻനിർത്തിയാണ് മെഡിക്കൽ കോളേജിലെ പേയിംഗ് കൗണ്ടറുകൾ ആരംഭിച്ചിട്ടുള്ളത് മറ്റ് മാർഗ്ഗനിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) സർക്കാർ ആശുപത്രികളിൽ എച്ച്.ഡി.സി.കളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പേയിംഗ് കൗണ്ടറുകളുടെ പ്രവർത്തനത്തിന് ഒരു പൊതുമാനദണ്ഡം ഏർപ്പെടുത്തുന്നത് അഭികാമ്യമാണോ എന്ന് പരിശോധിക്കുവാനും, അങ്ങനെയെന്ന് കണ്ടാൽ അതിന് ആവശ്യമായ വിശദമായ നടപടി ക്രമങ്ങളും മറ്റും പരിശോധിച്ച് വ്യക്തമായ നിർദ്ദേശം തയ്യാറാക്കി സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോടും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്. നിർദ്ദേശങ്ങൾ ലഭിക്കുന്നമുറയ്ക്ക് മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) താലൂക്ക്, ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും പ്രവർത്തിക്കുന്ന ന്യായവില മെഡിക്കൽ ഷോപ്പുകളിൽ പ്രതിദിനം ശരാശരി 3000/- രൂപ മുതൽ 2.7 ലക്ഷം രൂപ വരെയുള്ള വിൽപ്പന നടക്കുന്നുണ്ട്.

മുല്ലപ്പെരിയാറിൽ തമിഴ്നാട് നിർമ്മിച്ച ബേബി ഡാം

8 (*154) ശ്രീ. എ.കെ മണി :

ശ്രീ. ജോർജ്ജ് ജെ. മാത്യു :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ ബേബി ഡാം നിർമ്മിക്കുവാൻ തമിഴ്നാടിന് അനുമതി ലഭിച്ചിരുന്നുവോ;

(ബി) തമിഴ്നാട് ബേബി ഡാം നിർമ്മിച്ചത് സംസ്ഥാനതാല്പര്യങ്ങളെ ഏതെല്ലാം വിധത്തിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്;

(സി) തമിഴ്നാട് ഈ ഡാം പുതുക്കിപ്പണിയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സംരംഭത്തെ തടയുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 1886-ലെ പെരിയാർ പാട്ടക്കരാറിന്റെ വ്യവസ്ഥ 3 പ്രകാരം പെരിയാർ പദ്ധതിയുമായി ബന്ധപ്പെട്ട ജലസേചന ജോലികളും മറ്റ് അനുബന്ധ നിർമ്മാണപ്രവർത്തനങ്ങളും നടത്തുവാൻ തമിഴ്നാടിന് പൂർണ്ണ അവകാശം നൽകിയിട്ടുണ്ട്. അതനുസരിച്ചാണ് 1986-95 കാലയളവിൽ മുല്ലപ്പെരിയാർ ഡാമും, ഡാമിന്റെ വലതുഭാഗത്ത് പത്ത് വെന്റുകളോടുകൂടിയ സ്പിൽവേയും ഇടതുഭാഗത്ത് ബേബി ഡാമും നിർമ്മിച്ചത്.

(ബി) ബേബി ഡാമിന്റെ നിർമ്മാണംകൊണ്ട് മാത്രം സംസ്ഥാന താൽപ്പര്യങ്ങൾ പ്രതികൂലമായി ബാധിക്കപ്പെട്ടിട്ടില്ല.

(സി)&(ഡി) ബേബി ഡാം ബലപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ട് പണികളുടെ ടെണ്ടർ വിളിക്കുകയും വർക്ക് അവാർഡ് ചെയ്യുകയും ചെയ്തതായി അറിവായിട്ടുണ്ട്. ബലപ്പെടുത്തൽ ജോലിക്കാർക്കായി ഡാം പരിസരത്ത് മണൽ, കല്ല്, മറ്റ് നിർമ്മാണ സാമഗ്രികൾ ശേഖരിക്കുന്നതായി പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സ്ഥലം സന്ദർശിച്ച് നിജസ്ഥിതി സർക്കാരിനെ അറിയിക്കാൻ അന്തർസംസ്ഥാന നദീജലം കൈകാര്യം ചെയ്യുന്ന ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും അദ്ദേഹം 1999 സെപ്റ്റംബർ 8, 9 തീയതികളിൽ സ്ഥലം സന്ദർശിക്കുകയും ചെയ്തു. ബേബി ഡാം ബലപ്പെടുത്താ

LIBRARY ARCHIVES Kerala Legislative Assembly